**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 488** | **23-07-2021 - ൽ മറുപടിയ്ക്ക്**

**തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ; | (എ) | പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും ഉള്ള വിവിധ തോടുകളുടെ കരയിടിച്ചൽ തടയുന്നതിന് ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവർത്തികൾ നടപ്പിലാക്കുന്നു. |
| (ബി) | പാർശ്വഭിത്തി ഇടിയുന്നതുമൂലം തീരത്ത് താമസിക്കുന്ന ആൾക്കാരുടെ വീട്ടുകൾക്കും മറ്റ് വസ്തു വകകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ; | (ബി) | പാർശ്വഭിത്തി ഇടിയുന്നതുമൂലം തീരത്ത് താമസിക്കുന്ന ആൾക്കാരുടെ വീട്ടുകൾക്കും മറ്റ് വസ്തുവകകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിനു വേണ്ടി അപേക്ഷകൾ ലഭിച്ചാൽ അവ യഥാസമയം പരിശോധിച്ച് പാർശ്വങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നാശനഷ്ടം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിലെ എലിത്തോട് പാർശ്വഭിത്തി കെട്ടി സംരംക്ഷിക്കുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | കൂത്തുപറമ്പ് മണ്ഡലത്തിലെ മാഹി പുഴയുടെ കൈവഴിയായ എലിത്തോടിന്റെ വലതുകര പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പു മന്ത്രിയും കൂത്തുപറമ്പ് എം.എൽ.എ-യുമായിരുന്ന ശ്രീമതി കെ. കെ ശൈലജ ടീച്ചറുടെ 03-02-2016 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ മേൽപ്രവൃത്തിയ്ക്ക് ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരത്തിന്റെ Order No.IDTsy/2016/2917/IA Dated: 21-01-2017 പ്രകാരം ഭരണാനുമതിയും, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് നോർത്ത് സർക്കിളിന്റെ Order No.2017-2018/2016/2917/IA Dated: 26-03-2018 പ്രകാരം സാങ്കേതികാനുമതിയും നൽകിയിരുന്നു. എന്നാൽ പലതവണ ടെണ്ടർ ചെയ്തിട്ടും പിന്നീട് ഇ- ക്വട്ടേഷൻ ചെയ്തിട്ടും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. പിന്നീട് കോസ്റ്റ് ഇൻഡക്സിൽ മാറ്റം വരികയും |

| | | | |
|---|---|---|---|
| | | | നിലവിലെ സാങ്കേതികാനുമതി റദ്ദ് ചെയ്ത് പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തലശ്ശേരിയുടെ Order No.IDTsy/2019-2020/2016/2917/1A Dated: 10-01-2020 പ്രകാരം സാങ്കേതികാനുമതി നൽകുകയും ചെയ്തു. തുടർന്നും പലതവണ ടെണ്ടർ വിളിച്ചിരുന്നെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. പിന്നീട് ഇ-ക്വട്ടേഷൻ ക്ഷണിക്കുകയും, വഴി സൗകര്യം ഇല്ലാത്തതിനാൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവാതെ വരികയും ചെയ്തു. ഇപ്പോഴത്തെ കൂത്തുപറമ്പ് എം.എൽ.എ ശ്രീ.കെ.പി.മോഹനന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും സ്ഥലപരിശോധന നടത്തിയപ്പോൾ മേൽപ്രവൃത്തി നടത്തേണ്ട സ്ഥലത്തും മറ്റു സ്ഥലങ്ങളിലും കൂടുതൽ കരയിടിച്ചിൽ സംഭവിച്ചതായി കാണുന്നു. തുടർന്ന് പാനൂർ നഗരസഭ കൗൺസിലർ ഇടപെട്ട് സൈറ്റിലേയ്ക്ക് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കിതരാമെന്ന് രേഖാമൂലം ഉറപ്പ് തന്നിട്ടുണ്ട്. നിലവിലുള്ള പ്രവർത്തിയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ, പുതുതായി കരയിടിച്ചിൽ സംഭവിച്ചിട്ടുള്ള ഭാഗത്തുകൂടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊവിഷൻ കൂടി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതിക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നത് കൊണ്ട് കൂടുതൽ പ്രദേശങ്ങൾ കൃഷി യോഗ്യമാക്കി മാറ്റാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ ? | (ഡി) | ഉണ്ട്. തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിലൂടെ കരയിടിച്ചിൽ മൂലം കൃഷിസ്ഥലങ്ങൾ നശിച്ചു പോകുന്നത് തടയാനും മഴക്കാലത്ത് കൃഷി സ്ഥലത്ത് കൂടെ വെള്ളം കയറി ഒഴുകി കൃഷി നശിച്ചു പോകുന്നത് തടയാനും കൂടുതൽ പ്രദേശങ്ങൾ കൃഷി യോഗ്യമാക്കി മാറ്റുവാനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ